**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2622**

**17.06.2019-ൽ മറുപടിയ്ക്ക്**

## സംഗീതജ്ഞൻ രവീന്ദ്രന് നിർമ്മിക്കുന്ന സ്മാരകം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) പ്രശസ്ത സംഗീതജ്ഞൻ രവീന്ദ്രന് സ്വന്തം നാട്ടിൽ നിർമ്മിക്കുന്ന സ്മാരകത്തിന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) പ്രസ്തുത നിർമ്മാണം ആരുടെ ചുമതലയിലായിരുന്നു നടന്നത്; പ്രസ്തുത നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;<br><br>സി) പ്രസ്തുത സ്മാരക നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | ബി-യും, സി-യും) | കൊല്ലം ജില്ലയിലെ കളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മൊത്തം 80 ലക്ഷം രൂപ ചെലവിൽ രാഗസരോവരം എന്ന പേരിൽ ശില്പിയായ, തിരുവനന്തപുരം സ്വദേശിയായ ശ്രീ. രാജീവ് അഞ്ചലാണ്, പ്രശസ്ത സംഗീത സംവിധായകനായിരുന്ന ശ്രീ. രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥമുള്ള സ്മാരക നിർമ്മാണത്തിന്റെ ചുമതല വഹിക്കുന്നത്. നിലവിൽ ടി സ്മാരകത്തിന്റെ ഭിത്തിയും, മേൽക്കൂരയും പൂർത്തികരിച്ചിട്ടുണ്ട്. 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം സർക്കാർ ധനസഹായമായി ടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന് ശേഷം പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി പുനലൂർ എം.എൽ.എ-യും ബഹു. വനം,-മൃഗസംരക്ഷണം-ക്ഷീരവികസനം-മൃഗശാല വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജു അവർകളുടെ അപേക്ഷയിൻപ്രകാരം അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ട നിന്നും 40 ലക്ഷം രൂപ അനുവദിക്കുന്ന വിഷയം 04.07.2017-ലെ |

സ. ഉ. (പി) നമ്പർ. 86/2017/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ-നടപടികൾക്കായി 27.10.2017-ലെ കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ